# വചന വിചിന്തനം ജൂലൈ 12 , 2009

ലൂക്കാ . 13 : 34 - 35

''ജറുസലെം...... ജറുസലെം, പ്രവാചകന്മാരെ കൊല്ലുകയും ...........പിടക്കോഴി കുഞ്ഞുങ്ങളെ തന്റെ ചിറകിൻകീഴിൽ ചേർത്തുനിർത്തുന്നതുപോലെ നിന്റെ സന്താനങ്ങളെ ഒന്നിച്ചുചേർക്കുന്നതിന്........ ഇതാ നിങ്ങളുടെ ഭവനം പരിത്യക്തമായിരിക്കുന്നു''.

ദൈവം ഖേദിക്കുന്നു ! പ്രസ്താവനയിലെ വൈരുദ്ധ്യം, പക്ഷേ , മനുഷ്യചരിത്രത്തിന്റെ വേദസാക്ഷ്യമാണ്.

ഉത്പത്തിയിലെ മൺ മേഖലകളും നിശ്വാസവും ദൈവസ്നേഹത്തിന്റെ ഉള്ളുരുക്കങ്ങളായിരുന്നു.ശില്പചാരുതയുടെ സംതൃപ്തി അനുഭവിക്കുന്ന ദൈവം ; പക്ഷേ പിന്നൊരിക്കൽ ഈ മനുഷ്യരെ സൃഷ്ടിച്ചതിൽ ഞ ാൻ ഖേദിക്കുന്നുഎന്നു പറയുമ്പോൾ എണ്ണിയെടുക്കാവുന്ന ചരിത്രപരമായ കാരണങ്ങളുണ്ട് അതിന്റെ പിന്നിൽ.

ആബേലിന്റെ രക്തം പൊടിഞ്ഞ മണ്ണുമുതൽ തൃഷ്ണയുടേയും ഭോഗാസക്തിയുടേയും ഉത്സവങ്ങൾ വരെ. ജീവൻ നല്കിയ കുഞ്ഞുങ്ങളുടെ ജീവനെടുക്കേണ്ടിവരുന്ന ഒരു അപ്പന്റെ ആത്മനൊമ്പരങ്ങൾ, ദിവസങ്ങളോളം നിന്നുപെയ്യുന്ന മഴപോലെ ഭൂമിയെ ഒരു പ്രളയത്തിലാഴ്ത്തിയെന്നും അങ്ങനെ മനുഷ്യരാശി പുന:ക്രമീകരിക്കപ്പെട്ടു എന്നും അതേ പുസ്തകച്ചുരുളുകളിൽ നിന്നുതന്നെ നാം വായിക്കുന്നു. പ്രളയത്തിന്റെ അവശേഷിപ്പ് ഒരു വിശുദ്ധ ബീജമായിരുന്നു നോഹയിൽനിന്നു തുടങ്ങുന്ന തലമുറ. പക്ഷേ വീണ്ടും പാപത്തിന്റെയും പാതകത്തിന്റെയും തനിയാവർത്തനങ്ങൾ .... കഥാഗതിക്കു മാറ്റമില്ല. മാറുന്ന കാലവും കഥാപാത്രങ്ങളും മാത്രമാണ് .

ഇതിന്റെ സമകാലിക ഭാഷ്യം മാത്രമാണ് ക്രിസ്തുവും അവന്റെ ചിറകിലൊതുങ്ങാത്ത ജറുസലേമും.

ജറുസലേം .......ജറുസലേം, പ്രവാചകന്മാരെ കൊല്ലുകയും ...........പിടക്കോഴി കുഞ്ഞുങ്ങളെ തന്റെ ചിറകിൻകീഴിൽ ചേർത്തുനിർത്തുന്നതുപോലെ നിന്റെ സന്താനങ്ങളെ ഒന്നിച്ചുചേർക്കുന്നതിന്........ ഇതാ നിങ്ങളുടെ ഭവനം പരിത്യക്തമായിരിക്കുന്നു.

Lk . 13: 34,35. ഈശോ ഖേദിക്കുകയാണ് ! നിരസിക്കപ്പെടുന്ന സ്നേഹത്തെയോർത്ത്. മകളെക്കുറിച്ചുള്ള , ഒരമ്മ മനസിന്റെ വേദനയിൽ ഭാവിയിലെ ചില ദുരന്തത്തിന്റെ കാഴ്ചവെട്ടത്തിലാണ് ഈശോ - ഒരമ്മയുടെ ഹൃദയപൂർവ്വകമായ നൊമ്പരങ്ങൾക്കു മുമ്പിൽ മാത്രം വെളിപ്പെട്ടുകിട്ടുന്ന ദൂരകാഴ്ചകൾപോലെ. ഇതാ ജറുസലേം പരിത്യക്തമാകാൻ പോകുന്നു. ദൈവാലയം പോലും കല്ലിന്മേൽ കല്ലു ശേഷിക്കാതെ തകർക്കപ്പെടും.

ക്രിസ്തുവിന്റെ ആശങ്കകളെ കാലം ദൃശ്യവത്കരിച്ചുകൊണ്ടിരിക്കുന്നു. ഒറ്റുകാരനു വിളമ്പുന്ന വറ്റ് തന്റെ ജീവന്റെ രുചിഭേദങ്ങളാണെന്നു പറഞ്ഞ് പങ്കുവച്ച് നല്കിയിട്ടും, മനസുമാറാതെ, ഏറ്റവും നീചമായി ,ഗുരുവിന്റെരക്തത്തിനു വിലയായി വെള്ളിക്കാശ് എണ്ണിവാങ്ങിയ യൂദാസും പിന്നെ അവന്റെ ജീവന്റെ ഒടുക്കവും...... തകർക്കപ്പെട്ട ദൈവാലയത്തിന്റ ചിതറപ്പെട്ടുകിടക്കുന്ന കല്ലുതന്നെ.

സംസ്കൃതികളുടെയും താവഴികളുടേയും ജീർണ്ണതയെക്കുറിച്ച് ഗവേഷണം നടത്തുന്നവർ എന്തുകൊണ്ട് ശരിയായി വിധിക്കുന്നില്ല ? ക്രിസ്തു ചോദിക്കുന്നതുപോലെ പ്രകൃതിയുടെ ഭാവപകർച്ചകളെ വ്യാഖ്യാനിക്കുവാൻ കഴിയുന്നവർക്ക് എന്തുകൊണ്ട് കാലത്തിന്റെ ആവിഷ്കാരങ്ങളെ സത്യസന്ധമായി വിലയിരുത്താനാവുന്നില്ല ?

രക്തത്തിന്റെ നനവുള്ള മണ്ണിന്റെ വിലാപങ്ങൾ ആകാശത്തോളമെത്തിയപ്പോൾ തൊഴിലാളി വർഗ്ഗത്തിന്റെ സ്വപ്നങ്ങളിലെ സ്വർഗ്ഗമായിരുന്ന റഷ്യ പോലും തകർന്നതും.......

നിഷ്കളങ്കരായ മനുഷ്യരെ മൃഗസമാനം വേട്ടയാടി വിനോദിച്ച ജന്മിത്വത്തിന്റെ തറവാടുകൾ കെട്ടിയുയർത്തിയ അവരുടെ സൗധങ്ങൾക്ക് അടിയിൽ കുഴിച്ചുമൂടപ്പെട്ടവരുടെ നിലവിളികൾകൊണ്ട് ശീതീകരിക്കപ്പെട്ട അവരുടെ ഭവനങ്ങൾ ചുടുകാടു പോലെ അവരെ പൊള്ളിക്കുന്നതും......

ആകെയുള്ള ഒരു പെൺകുട്ടി അവൾക്കിഷ്ടപ്പെട്ട ഒരുവന്റെ കൂടെ ഇറങ്ങിപ്പോയി, അവന്റെ സ്നേഹം നഷ്ടപ്പെടാതിരിക്കാൻ അവനിൽ നിന്ന് ഗർഭിണിയായി ഒടുവിൽ ചതിക്കപ്പെട്ട്, ഉപേക്ഷിക്കപ്പെട്ട് കുടുംബത്തിലേയ്ക്ക് തന്നെ കയറിവരുമ്പോൾ മാനസീകതകർച്ച നേരിടുന്ന അപ്പന്റെ പുലമ്പലുകൾക്കിടയിൽ ചില കുമ്പസാരങ്ങൾ....... വിവാഹത്തിനു മുമ്പ് പല പെൺകുട്ടികളേയും ഇതുപോലെ പിച്ചിചീന്തിയതും അവരുടെ ഗർഭത്തിൽ വച്ചുതന്നെ ആ കുഞ്ഞുങ്ങളെ കൊന്നുകളയാൻ നിർബന്ധിച്ചതുമൊക്കെ...........

നിന്റെ കാലത്തെ ശരിയായി വ്യാഖ്യാനിക്കണമെന്ന മുന്നറിയിപ്പുകളല്ലേ .

ദൈവം ശിക്ഷിക്കുന്നവനാണെന്നും എല്ലാ തകർച്ചകൾക്കും കാരണം പാപങ്ങളാണെന്നുമല്ലേ ഇതിലൂടെ വായിക്കേണ്ടത് ! പക്ഷേ നിന്റെ സങ്കടങ്ങളുടെ ആദ്യനാളുകളിലെവിടെയെങ്കിലും, നീ നിഷേധിയായി ദൈവസ്വരം അവഗണിച്ച് ഓടി നടന്നതിന്റെ ഓർമ്മകളുണ്ടോ എന്നു തിരയണമെന്നു മാത്രമാണ് സൂചന.

ഉണ്ടെങ്കിൽ ഇനിയും അവസരങ്ങളുണ്ട്. പ്രളയത്തിനൊടുവിലെ മഴവില്ലുപോലെ ...... കായേനുപോലും വച്ചു നീട്ടപ്പെടുന്ന ദൈവീകസംരക്ഷണത്തിന്റെ വലയം പോലെ ഉടമ്പടിയുടെ ദൈവം നിന്റെ കൂടെയുണ്ട് - ഒരമ്മമനസിന്റെ ആർദ്രമായ നോവുമായി , നിന്നെ ചേർത്തുപിടിക്കാൻ .

Ezekiel 47 : 1 - ദൈവാലയത്തിന്റെ ബലിപീഠത്തിനരികിലേയ്ക്ക് അവർ എന്നെ കൊണ്ടുവന്നു. അതിന്റെ അടിയിൽ നിന്നും വെള്ളം ഒഴുകുന്നു . അതിലൂടെ അവൻ എന്നെ നയിച്ചു ......... വെള്ളം ഉയർന്ന് കടക്കാൻ പറ്റാത്ത നദി പോലെയാകും വരെ.... പിന്നെ തിരികെ തീരത്തുകൂടി വരുമ്പോൾ വരണ്ട പാഴ്നിലങ്ങൾ ഹരിതാഭമായിരിക്കുന്നു . വൃക്ഷങ്ങളും ജീവന്റെ തുടിപ്പും.

ഇനി പ്രളയത്തിന്റെശാപക്കയങ്ങളിലേയ്ക്കല്ല അവന്റെ (ക്രിസ്തുവിന്റെ) രക്തം ഒഴുകിയ ബലിപീഠത്തിൽ നിന്ന് ഉറവെടുക്കുന്ന ജീവന്റെ നദിയിലേയ്ക്കിറങ്ങി........ മുങ്ങിനിവരാൻ......... വരണ്ടുണങ്ങിയ മനസിന് ഒരു ഏറ്റുപറച്ചിലിന്റ അനുഭവത്തിലൂടെ നനവുറ്റതാക്കാൻ , ഒരു വിശുദ്ധ കുർബാന അനുഭവത്തിലൂടെ ജീവന്റെ ഉത്സവത്തിൽ പങ്കുപറ്റാൻ..... ഇനിയും സമയമുണ്ട് എന്ന ഓർമ്മപ്പെടുത്തലാണ് ഈ വചനത്തിന്റെ നല്ല വിശേഷം.

**ഫാ. അലക്സ് വേലാച്ചേരിയിൽ.**